ഉത്തരം

(എ)യും (ബി)യും കോർപ്പറേഷന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതനുസരിച്ച് 10-11-2004 വരെ നിയമനം ലഭിച്ചവരെയും സ്ഥിരപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നതാണ്.

കെ. എസ്. ആർ. ടി. സി. വാഹനങ്ങൾമൂലമുള്ള അപകടം

85 [2122] ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നശേഷം കെ. എസ്. ആർ. ടി. സി. ബസ്സുകൾമൂലം എത്ര വാഹന അപകടങ്ങൾ ഉണ്ടായി എന്നും, അതുമൂലം എത്ര പേർ മരിച്ചെന്നും എത്രപേർക്ക് ഗുരുതരമായി പരിക്ക് പറ്റിയെന്നും വെളിപ്പെടുത്താമോ ;

(ബി) റോഡപകടങ്ങൾമൂലം കോർപ്പറേഷന് എത്ര തുകയുടെ നഷ്ടമുണ്ടായിട്ടുണ്ടെന്ന് അറിയിക്കാമോ ; എത്ര രൂപയുടെ നഷ്ട പരിഹാരം കൊടുത്ത് തീർക്കാനുണ്ടെന്ന് അറിയിക്കാമോ ;

(സി) കെ. എസ്. ആർ. ടി. സി. വാഹനങ്ങളുടെ അപകട സാദ്ധ്യത കുറയ്ക്കാൻ എന്തൊക്കെ നിർദ്ദേശങ്ങളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ ;

(ഡി) മദ്യപിച്ച് വാഹനമോടിച്ചതിന് എത്ര കെ. എസ്. ആർ. ടി. സി. ഡ്രൈവർമാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ ;

(ഇ) സ്പീഡ് ഗവേർണർ നിർബന്ധമായും എല്ലാ വലിയ യാത്രാ വാഹനങ്ങളിലും ചരക്ക് വാഹനങ്ങളിലും ഘടിപ്പിക്കണമെന്നുള്ള നിർദ്ദേശം എത്രത്തോളം പ്രാവർത്തികമായിട്ടുണ്ടെന്നും, അതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ബി) കോർപ്പറേഷനുണ്ടായ നഷ്ടം ശേഖരിച്ച് നൽകുന്നതാണ്.

(സി) 1. അമിത വേഗത നിയന്ത്രിക്കാൻ നടപടി സ്വീകരിച്ചു.

2. ഡ്രൈവർമാർക്ക് കെ. എസ്. ആർ. ടി. സി. സ്റ്റാഫ് ട്രെയിനിംഗ് സെന്റർ, പി. സി. ആർ. എ. ഇവയിൽ പരിശീലനം നൽകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

3. പ്രൊപ്പല്ലർ ഷാഫ്റ്റ് തകരാർമൂലം അപകടങ്ങൾ സംഭവിക്കാതിരിക്കാനുള്ള സംരക്ഷണ നടപടികൾ എടുത്തിട്ടുണ്ട്.

4. മദ്യപിച്ച് വാഹനം ഓടിക്കുന്ന പ്രവണത ഇല്ലായ്മ ചെയ്യാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡ്) 22 ഡ്രൈവർമാർക്കെതിരെ നടപടികൾ എടുത്തിട്ടുണ്ട്.

(ഇ) ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

ടൗൺ-ടു-ടൗൺ ബസ്സുകൾക്ക് പെരിയയിലും പാലക്കുന്നിലും ഫെയർസ്റ്റേജ് ഏർപ്പെടുത്താൻ നടപടി

86 [2123] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കെ. എസ്. ആർ. ടി. സി.യുടെ ടൗൺ ടു ടൗൺ ബസ്സുകൾക്ക് നാഷണൽ ഹൈവേയിൽ (എൻ. എച്ച്.-17) പെരിയയിലും സ്റ്റേറ്റ് ഹൈവേ (കാസർഗോഡ്-ചന്ദ്രഗിരി-കാഞ്ഞങ്ങാട്)-ൽ പാലക്കുന്നിലും ഫെയർ സ്റ്റേജ് ഏർപ്പെടുത്തിയിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഫെയർസ്റ്റേജ് ഏർപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ടൗൺ-ടു-ടൗൺ സർവ്വീസുകൾക്ക് പുതിയതായി ഫെയർ സ്റ്റേജ് അനുവദിക്കുന്നത് കെ. എസ്. ആർ. ടി. സി.ക്ക് വരുമാന നഷ്ടത്തിന് ഇടയാക്കും. ആയതിനാൽ ഫെയർ സ്റ്റേജിൽ മാറ്റം വരുത്താൻ തൽക്കാലം ഉദ്ദേശിക്കുന്നില്ല.

ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ ആസ്തി

87 [2124] ശ്രീമതി മേഴ്സി രവി:

ശ്രീ. സി. പി. മുഹമ്മദ്:

,, ഇ. എം. ആഗസ്തി:

,, കെ. എ. ചന്ദ്രൻ:

,, ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 30-4-2004-ലെ കണക്കനുസരിച്ച് സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ അംഗീകൃത ആസ്തി എത്രയാണ്;

LIBRARY ARCHIVES Kerala Legislative Assembly